

# ഉള്ളടക്കം

**മുഖമൊഴി** ........ 3
**ആശംസ**........ 4
**എഡിറ്റോറിയൽ ബോർഡ്** ........ 5
**ലേഖനം** ........ 6
പ്രളയം ........ 7
ഇന്ത്യൻ രൂപയുടെ ചിഹ്നം ........ 9
എന്റെ സ്വപ്ന കേരളം........ 10
**കഥകൾ** ........ 16
കിട്ടിയാൽ പകുതി.. ........ 17
കമ്പിളി പുതപ്പ്........ 18
കുറവുകൾ ........ 20
**കാൽപാടുകൾ പിന്തുടരാം...** ........ 21
തകരാതിരിക്കാൻ തളരാതിരിക്കുക........ 22
ജവഹർലാൽ നെഹ്റു........ 24
**കവിതകൾ** ........ 25
മഴയോട് എനിക്കുള്ള ഇഷ്ടം ........ 26
കണി........ 27
അക്ഷരം ........ 28
പ്രണാമം ........ 29
മഴ ........ 30
**സാഹിത്യ ലോകത്തിലെ നക്ഷത്രങ്ങൾ** ........ 31
വൈക്കം മുഹമ്മദ് ബഷീർ ........ 32
രവീന്ദ്രനാഥ ടാഗോർ........ 33
സുഗതകുമാരി........ 34
**നുറുങ്ങുകൾ**........ 35
പഴഞ്ചൊല്ലുകൾ ........ 36
ഓണച്ചൊല്ലുകൾ ........ 37
**നന്ദി**........ 40

# മുഖമൊഴി

അപൂർണതയിൽ നിന്നും പൂർണതയിലേക്കുള്ള മനുഷ്യന്റെ പ്രയാണത്തിൽ...... അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും ജ്ഞാനത്തിന്റെ പ്രകാശത്തിലേക്ക് ......സ്വന്തമെന്നു കരുതി കാത്തുസൂക്ഷിച്ച സൃഷ്ടികളുടെ ബഹിർഗമനത്തിലൂടെ അപൂർണതകളെ അംഗീകരിച്ചുകൊണ്ട് മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് കാലത്തിനൊത്തുചുവടുകൾ വക്കാനായി *നിറമാല* എന്ന ഡിജിറ്റൽ മാസിക നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു

പ്രതീക്ഷകളോടെ

2018-19 വർഷത്തെ ലിറ്റിൽ കൈറ്റ് കൂട്ടുകാർ

# ആശംസ

വാത്സല്യമുള്ള മക്കളെ

നിറമാല എന്ന് നിങ്ങളുടെ ഡിജിറ്റൽ മാസിക എനിക്ക് ഏറെ അഭിമാനം നൽകി. എന്റെ ബാല്യകാല സ്കൂൾ ജീവിതത്തിലേക്ക് ഒരുനിമിഷം ഞാൻ തിരിഞ്ഞുനോക്കി. നിങ്ങളുടെ സർഗ്ഗവാസനകൾ ഇതിൽ മനോഹരമായി തെളിഞ്ഞുനിൽക്കുന്നു.അതിലുപരി നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ഈ അറിവുകൾ കൂടുതൽ കൂടുതൽ തിളക്കമുള്ളതായി തീർക്കാൻ നിങ്ങൾ ഇനിയും പരിശ്രമിക്കണം. നിറമാലയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.നിങ്ങളെ ഓരോരുത്തരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

നന്ദി... നന്ദി.....നന്ദി

പ്രഥമ അദ്ധ്യാപിക

സി. മേഴ്സി എൻ.സി

# എഡിറ്റോറിയൽ ബോർഡ്

അക്ഷയ ബെന്നി

സാന്ത്വന സ്റ്റാർബി

സെൽവി സിബി

ബീമാ നൗഷാദ്

വന്ദന വിനോദ്

കെൽവിൻ ബിജോയ്

കൃഷ്ണ പ്രസാദ്



# ലേഖനം

# പ്രളയം

പ്രളയം! നമ്മുടെ ഈ കൊച്ചു കേരളത്തെ വിഴുങ്ങിയ രണ്ടാമത്തെ ഒരു വൻ പ്രളയം. ആദ്യത്തേതിന് കവി വിശേഷിപ്പിക്കുന്നത് 90 കളിലെ പ്രളയം എന്നായിരുന്നു. കാരണം അതുവരെ കേരളത്തിൽ ഇത്രയും വലിയ ഒരു പ്രണയം ഉണ്ടായിട്ടില്ല. 22 - 27 ദിവസമാണ് ആ പ്രളയം നീണ്ടുനിന്നത്. വൻ പ്രളയത്തിലൂടെ ഒരു നല്ല സാമൂഹിക നന്മയുണ്ടായി. പണ്ട് സവർണ്ണരെന്നും അവർണ്ണരെന്നും തരം തിരിവ് ഉണ്ടായിരുന്നു. പ്രളയം വന്നതുമൂലം സവർണ്ണനും അവർണ്ണനും തൊട്ട് തീണ്ടലും ഇല്ലാതെ ഒരുമിച്ച് അവർ കൈകോർത്തു അവൻ പ്രളയത്തെ നേരിട്ട. ഇങ്ങനെ നോക്കിയാൽ പ്രളയം ഒരു സാമൂഹിക നന്മയ്ക്കു വേണ്ടിയാണ് വന്നത്. ഇത് പഴയകാല ചരിത്രം.

എന്നാൽ ഇത് ഇപ്പോൾ 2016 ജൂലൈ മാസത്തിൽ നമ്മളെ വീണ്ടും ഞെട്ടിച്ചു കൊണ്ട് ഒരുവൻ പ്രളയം കൂടെ ഉണ്ടായി. രണ്ടുനില വീട് ഒക്കെ അപ്പാടെ വീണുപോയി. ഭയങ്കര കാറ്റും മഴയും എല്ലാം നമ്മളെ ആകെ താറുമാറാക്കി. ഒത്തിരി ആളുകളുടെ സ്വപ്നം തന്നെ വീണുടഞ്ഞു. പലരുടെയും സ്വത്തുക്കളും, ബന്ധങ്ങളും, പ്രിയപ്പെട്ടവരു എല്ലാം നമ്മളിൽനിന്നു വേർപെട്ടുപോയി. മണ്ണിടിഞ്ഞുവീണ് സ്വന്തം വീടിന് സ്ഥലം പോലും ആൾക്കാർക്ക് തിരിച്ചറിയാൻ സാധിച്ചില്ല.

പൊതുവേ ഒന്നു നോക്കിയാൽ അറബിക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദം.............. സാധാരണ മണ്ണിൽ മിറ്റൽ ഇട്ടാൽ കുഴപ്പമില്ല. പക്ഷേ ഇവിടെ നേരെ തിരിച്ചാണ് സംഭവിക്കുന്നത്. ..........

“മരങ്ങൾ വെട്ടരുത്” എന്ന വാക്യം നമ്മളെത്ര കേട്ടിട്ടുണ്ട്, എങ്കിലും...... . മരം വെട്ടണം അത് സമ്മതിച്ചു. പക്ഷേ വെട്ടുന്ന മരത്തിന് പരിസരത്ത് മറ്റൊരു ചെടി നമുക്ക്



നടാൻ പാടില്ല? ഇപ്പോഴത്തെ മനുഷ്യർക്ക് ഭയങ്കര സ്വാർത്ഥതയാണ്.എല്ലാംസ്വന്തമാക്കണമെന്ന സ്വാർത്ഥതയാണ് മനുഷ്യനെ ഈ കൊള്ളരുതായ്മ യിലേക്ക് നയിക്കുന്നത്.

ഈ ഭൂമിയിലേക്ക് ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിനും തൻറെ പെറ്റമ്മ ഇല്ലെങ്കിൽ ആ ജീവിതം മുന്നോട്ടു കൊണ്ടുപോകുക പ്രയാസകരമാണ്. അതുപോലെയാണ് നമ്മളും ഭൂമിയും തമ്മിലുള്ള ബന്ധം. ഭൂമി നാമോരോരുത്തരുടെയും മാതാവാണ്. ഓരോ വ്യക്തിയും അവൻ വളർന്നു കഴിയുമ്പോൾ തനിക്ക് ജന്മം നൽകിയ മാതാപിതാക്കൾ സുരക്ഷിതരാണ് എന്ന് അന്വേഷിക്കുന്നു. ഹോസ്പിറ്റലിൽ പോകുന്നു മരുന്ന് വാങ്ങി കൊടുക്കുന്നു ഇങ്ങനെയൊക്കെ.

പക്ഷേ എന്തുകൊണ്ടാണ് നമ്മുടെ അമ്മയായ ഭൂമിയെ വേവിക്കാത്തത്. നമ്മൾ ആ അമ്മയ്ക്ക് ആകെ സമ്മാനങ്ങളായി കൊടുക്കുന്നത് നമ്മുടെ ക്രൂരതകൾ മാത്രമാണ്. അതുകൊണ്ടാണ് ഈ പ്രളയവും, മറ്റും ദുരന്തങ്ങളും വരുന്നത്. അമ്മ നമുക്ക് എന്തൊക്കെ നല്ല സമ്മാനങ്ങൾ നൽകിയിട്ടുണ്ട് പക്ഷേ.....!

ഇനിയെങ്കിലും നമ്മുടെ ഭൂമിയെ സംരക്ഷിക്കണം. ഇത്രയൊക്കെ പറഞ്ഞിട്ടും നന്നായില്ലെങ്കിൽ ഇനിയും വൻ ദുരന്തമാണ് നിങ്ങൾ അനുഭവിക്കാൻ പോകുന്നത്. ഇനി നമുക്ക് ഒരുമിച്ച് ഭൂമിയെ സംരക്ഷിക്കാം.

By
Jianna Anto

# ഇന്ത്യൻ രൂപയുടെ ചിഹ്നം



Mumbai IT ബിരുദധാരിയായ ഡി ഉദയകുമാർ തയ്യാറാക്കിയ സിംബൽ ആണ് ഇന്ത്യൻ രൂപയുടെ ചിഹ്നമായി തിരഞ്ഞെടുത്തിരിക്കുന്നത്. i എൻ ആർ എന്ന എഴുത്തിലാണ് ഇത്രയുംനാൾ ഇന്ത്യൻ കറൻസിയെ അന്താരാഷ്ട്ര തലത്തിൽ തിരിച്ചറിഞ്ഞിരുന്നത്. കേന്ദ്രമന്ത്രിസഭ 2010 ജൂലൈ മാസം പതിനഞ്ചാം തീയതിയാണ് രൂപയുടെ ചിഹ്നത്തിന് അംഗീകാരം നൽകിയത്.



# എന്റെ സ്വപ്ന കേരളം



ഓഗസ്റ്റ് മാസം കേരളം നേരിട്ട സമാനതകളില്ലാത്ത ദുരന്തത്തിന് നാം ഇട്ട പേരാണ് മഹാപ്രളയം. നിരവധി പാഠങ്ങൾ അവശേഷിപ്പിച്ചുകൊണ്ടാണ് ഞെട്ടിക്കുന്ന തീവ്ര അനുഭവം കടന്നുപോയത്. മഴയല്ല വന്നുപോയത് പ്രണയമായിരുന്നു, ഉരുൾപൊട്ടൽ ആയിരുന്നു, മണ്ണിടിച്ചിൽ ആയിരുന്നു, ഒലിച്ചുപോയ വീടുകൾ, അടയാളങ്ങൾ പോലും അവശേഷിപ്പിക്കാതെ മൺമറഞ്ഞ കൃഷിയിടങ്ങൾ, മഴ മണ്ണിനടിയിൽ ആക്കിയ നമ്മുടെ പ്രിയപ്പെട്ടവർ, സമ്പാദ്യങ്ങളെല്ലാം നഷ്ടപ്പെട്ട മനുഷ്യർ, കേരളം മുങ്ങുകയായിരുന്നില്ല, മുങ്ങി നിവരു കയായിരുന്നു. എല്ലാം അസ്തമിച്ച ഇടത്തിൽ നിന്നും മനുഷ്യൻ ഉദിച്ചു വരുകയായിരുന്നു. അതിജീവനത്തിന് ഒരു ധീര മാതൃക പ്രളയം. കൊണ്ടുപോയ പലതും നമുക്ക് ആവശ്യമില്ല, ഭൂമിയോടുള്ള നമ്മുടെ വികലധാരണകൾ, മതം, ജാതി, രാഷ്ട്രീയം, എന്നിവയിലെ ഒളി അക്രമങ്ങൾ, ഉപഭോഗ ആർത്തി, ആഢംബര, അഹന്ത, അപകർഷത, സ്ത്രീവിരുദ്ധത, അങ്ങനെ അസംഖ്യം ബാധകൾ പ്രളയജലത്തിൽ ഒഴുകിപ്പോയി. പ്രളയാനന്തര പഴയ കേരളത്തെ നാം പുനർ നിർമിക്കരുത്, നമ്മുടെ ഭാവിയാണ് പുതുക്കിപ്പണിയാനുള്ളത്.

ഒരു പുതിയ കേരളത്തെ കെട്ടിപ്പടുക്കുവാൻ വേണ്ടി മനുഷ്യന് പ്രകൃതിയോടുള്ള ആർത്തി കുറച്ചാൽ മതിയാകും. എന്നാൽ തളരാത്ത മനസ്സോടെ ഞങ്ങൾ കയറി വരുമെന്ന വിശ്വാസത്തോടെ ഒരു പുതിയ കേരളത്തെ നാം

സ്വപ്നം കാണുന്നു. ദുരിതങ്ങളിൽ ചവിട്ടി നിന്ന് ഒരു പുതിയ കേരളത്തെ സ്വപ്നം കാണാൻ ശ്രമിക്കുകയാണ് ഞാനിവിടെ.

***പുഴകളെ സംരക്ഷിക്കാം***

പുഴകളെ സംരക്ഷിക്കുക എന്നത് ഓരോ മലയാളിയുടെയും ദൗത്യം ആയിരിക്കണം. പ്രളയം ഉണ്ടാകുന്ന സമയത്ത് പുഴയ്ക്ക് വികസിക്കാനുള്ള സ്ഥലം ബാക്കി വെക്കുകയാണ് വാസ്തവത്തിൽ നാം ചെയ്യേണ്ടത്. അതായത് പുഴകളുടെ അരികിൽ വീട് വയ്ക്കാതെ കൃഷി സ്ഥലമാക്കി മാറ്റുക. പുഴയുടെ അരികിൽ ഇപ്പോൾ നഗരങ്ങൾ ഉണ്ടെങ്കിൽ അവിടെ സംരക്ഷണ ഭിത്തികൾ കെട്ടി സംരക്ഷിക്കുക. പുതിയതായി ജനസാന്ദ്രത വർദ്ധിപ്പിക്കാതെ ഇരിക്കുക. വെള്ളപ്പൊക്ക ദുരിതം വർദ്ധിപ്പിക്കുന്നത് പുഴകളുടെ ഉത്ഭവസ്ഥാനത്തു ഉരുൾപൊട്ടലും മണ്ണിടിച്ചിലും കൊണ്ടാണ്. ഇവരണ്ടും ഏറെക്കുറെ മനുഷ്യനിർമ്മിതവും മുത്തായ മലഞ്ചരക്കുകൾ വെട്ടിപ്പും അവിടേയ്ക്ക് റോഡ് ഉണ്ടാക്കുന്നതും അവിടെ വീട് വയ്ക്കുന്നതും ഉൾപ്പെടെയുള്ള പ്രവർത്തികൾ ഉരുൾപൊട്ടലും മണ്ണിടിച്ചിലും വിളിച്ചുവരുത്തുന്നു.പുഴകൾ ഒക്കെ പണ്ട് ഉണ്ടായിരുന്ന നീളവും വീതിയും ആഴവും ഒക്കെ നമുക്ക് തിട്ടപ്പെടുത്താം വെള്ളത്തിൻറെ നിർഗമന മാർഗത്തെയും സ്വാഭാവിക സൂക്ഷിക്കുകയും ഇല്ലാതാക്കരുത്. പാഴ്വസ്തുക്കളുടെ നിക്ഷേപണ കേന്ദ്രങ്ങളാക്കി പുഴകളെയും നീർച്ചാലുകളും മാറ്ററുത്.

***മതം വേണ്ട മനുഷ്യൻ മതി***

ജാതിമതഭേദമന്യേ ഒരുമിക്കേണ്ട ഓരോ മലയാളിയുടെയും ആവശ്യമാണ്. പ്രശംസാർഹമായ ഐക്യവും വിഭവങ്ങൾ പങ്കുവയ്ക്കുവാനുള്ള സന്നദ്ധതയും, മറ്റുള്ളവരെ രക്ഷിക്കുവാൻ വേണ്ടി തങ്ങളുടെ ജീവൻ പോലും പണയം വെക്കാൻ ഉള്ള ധൈര്യം

പ്രകടിപ്പിച്ചുകൊണ്ട് പുതിയൊരു അധ്യായം തുറക്കുന്ന കേരളത്തെയും ഒരേമനസ്സോടെ ജാതിഭേദമന്യേ പ്രവർത്തിക്കുന്ന കേരളത്തെയും നമുക്ക് സന്തോഷത്തോടെ കാണാം. മത ഭൂരിപക്ഷമില്ലാത്ത, പാർട്ടി ഗ്രാമങ്ങൾ ഇല്ലാത്ത, കറുത്തവരെയും, വെളുത്തവനും കുഞ്ഞുങ്ങൾ എന്ന വ്യത്യാസം ഇല്ലാത്ത, ഒരു കേരളത്തെ നമുക്ക് സ്വപ്നം കാണാം. പത്രങ്ങൾ തങ്ങളുടെ സംവിധാനങ്ങളും, വാഹനങ്ങളുമെല്ലാം പരസ്പരം പങ്കുവെക്കുകയും, ഇതര സംസ്ഥാനക്കാരും, വിദേശികളും എല്ലാം കൈകോർക്കുകയും ചെയ്യുമ്പോൾ കരുണയും കരുതലും സ്നേഹവും കൊണ്ട് ഒരു ലോകം നമുക്ക് വാർത്തെടുക്കാം. കേരളം എന്ന് പറയുമ്പോൾതന്നെ കരുതലും കരുണയും എല്ലാം അടയാള ചിഹ്നങ്ങളായി വരണം. ജാതിമത അതിരുകളില്ലാത്ത എല്ലാവരും എല്ലാവരെയും സ്നേഹിക്കുകയും സഹായിക്കുകയും കഴിയുന്നത്ര സഹായ സമാഹാരങ്ങൾ നടത്തുകയും പാഴ്ച്ചെലവുകൾ കുറിച്ചുമൊക്കെ നമുക്ക് കേരളത്തെ നിവർത്തി നിർത്താം. മത പ്രസ്ഥാനങ്ങൾ ആയാലും, പാർട്ടികൾ ആയാലും, വേറെ എന്തെങ്കിലും പ്രസ്ഥാനങ്ങൾ ആയാലും അവയുടെ പൊതുസ്വഭാവമാണ് സംഘടന ആത്മകഥ. മതത്തിനുള്ളിൽ തന്നെ കളങ്ങൾ വരച്ചതിന് ദുരനുഭവങ്ങൾ ഇന്നും ഭാരതീയ സമൂഹത്തെ വേട്ടയാടുകയാണ്. ഭേദമില്ലാത്ത വിധത്തിലുള്ള ജനതകളുടെ കൂടിവരവിൽ ആണ് ദൈവം പ്രസാദിക്കുക. സംസ്കാരം പ്രാദേശിക പാരമ്പര്യ മൂലം ചിലപ്പോൾ പ്രസ്ഥാനങ്ങളിൽ പാർട്ടികളിൽ മതങ്ങളിൽ സംഘടനകളിൽ വ്യവസ്ഥകൾ കളങ്ങൾ അനുവാര്യമാണ്. ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന് പറയുന്നതുപോലെ കേരളത്തെ ഒരുക്കി എടുക്കാം.

***പരിസ്ഥിതി സൗഹൃദ കേരളം***

പരിസ്ഥിതിയുടെ യഥാർത്ഥ താളത്തിനൊപ്പം പ്രപഞ്ച നീതിക്കൊപ്പം വേണം മലയാളികളായ നമ്മൾ നടക്കുവാൻ.

അശാസ്ത്രീയമായ കുഴൽ കിണറുകളുടെ നിർമ്മാണം വിലകുറയും ഫ്ളാറ്റുകളും വില്ലകളും ഉൾപ്പെടെയുള്ള നിർമ്മാണങ്ങൾ നടത്തുമ്പോൾ അവ തുടർച്ചയായി ഉണ്ടാകാതെ നോക്കുകയും ഇടയ്ക്ക് കുറേ സ്ഥലം വെറുതെവിട്ടുകൊണ്ട് ആ സ്ഥലത്ത് ജൈവവൈവിധ്യ ഉറപ്പാക്കും വിധം ഉള്ള സസ്യങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യാം. ഔഷധസസ്യ തോട്ടങ്ങൾ ഉണ്ടാക്കുന്നതിൽ കുറച്ച് തിടുക്കം കാണിച്ചു നമുക്ക് നമ്മുടെ കേരളത്തെ സുന്ദരമാക്കാം. ദുരന്തത്തിൽ തകർന്ന പ്രദേശങ്ങൾ പുനർനിർമിക്കുമ്പോൾ ശാസ്ത്രീയവും പ്രകൃതിക്കനുയോജ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണം. എങ്ങും പച്ച പൂക്കൾ നിറഞ്ഞ നദികളും തോടുകളും പുഴകളും ഒഴുകുന്ന മരങ്ങൾ സന്തോഷത്തോടെ ആടുന്ന പക്ഷികൾ അവരുടെ സന്തോഷത്തെ പാടി പുകഴ്ത്തി കൊണ്ട് ആകാശത്തിലെ ചുറ്റും പറക്കുന്ന കാഴ്ച നമുക്ക് നമ്മുടെ കേരളത്തിലെ സ്വന്തമാക്കാം. പരിസ്ഥിതി വിരുദ്ധ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ കേരളത്തിലെ ഓമനകൾ പരിശ്രമിക്കണം.

### *നമ്മുടെ ഭൂമി നമുക്ക് സ്വന്തം*

ഓരോ മലയാളിക്കും അവരവരുടെ ഭൂമിയിൽ പാർക്കുവാൻ ഉള്ള അവകാശമുണ്ട്. അദാനിക്കും, അംബാനിക്കും, അതുപോലുള്ള വലിയ വികസന പദ്ധതികളുമായി നമ്മൾ നൂറുകണക്കിന് ഏക്കർ സ്ഥലം പതിച്ചു നൽകിയിട്ടുണ്ട്. അത് സുരക്ഷിതമായ കണ്ണായ സ്ഥലങ്ങൾ. കേരളത്തിലെ പുതിയ പഞ്ചായത്ത് തലങ്ങളിൽ അതൊക്കെ തിരിച്ചെടുക്കണം. അവരുടെ കൈകളിലാണ് ഇത്തരം ഭൂമിയുള്ളത്. അതൊക്കെ തിരിച്ചെടുത്ത് വാസയോഗ്യമായ വീടുവെക്കാൻ നമ്മൾ മുൻകൈ എടുക്കണം. ഒരു തലമുറയ്ക്കെങ്കിലും ഇനിയൊരു അവസ്ഥ നേരിടാതെ ജീവിക്കാനുള്ള സൗകര്യം ഒരുക്കി കൊടുക്കുന്നതിൽ സർക്കാർ ബാധ്യസ്ഥരാണ്.

## *പുനർജീവിതം*

പ്രളയബാധിത സമയത്ത് ഒരുപാട് പേർക്ക് എന്തെല്ലാമോ നഷ്ടപ്പെട്ടിട്ടുണ്ട്. അതൊക്കെ തിരിച്ചു കൊടുക്കുവാനുള്ള ഒരു കടമ നമുക്കുണ്ട്. പുനർനിർമ്മാണം ഒരുവർഷംകൊണ്ട് രണ്ടുവർഷംകൊണ്ട് സാധ്യമാവില്ല കുറച്ചുകൂടി സമയം എടുക്കേണ്ടിവരും. ഒരു വീട് മാത്രമല്ല നമ്മൾ നഷ്ടപ്പെട്ടവർക്ക് തിരിച്ചു കൊടുക്കേണ്ടത്. അവരുടെ ജീവിതം തന്നെ നമുക്ക് തിരിച്ചു നൽകേണ്ടിവരും കൃഷിയിടങ്ങൾ തിരിച്ചു കൊടുക്കണം.

എന്തൊക്കെ തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടോ അതൊക്കെ നമുക്ക് തിരിച്ചു കൊണ്ടുവരാം ചുരുങ്ങിയത് രണ്ടോമൂന്നോ വർഷത്തെ ഭഗീരഥപ്രയത്നം എങ്കിലും വേണ്ടിവരും കേരളം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ഞെരുക്കം നമ്മൾ വിചാരിക്കുന്നതിനേക്കാൾ എത്രയോ അധികമാണ് ഇതൊക്കെ പരിഗണിച്ചുവേണം നമ്മുടെ പുനരധിവാസ പ്രക്രിയയെ വിഭാവനം ചെയ്യേണ്ടത് ഇനി ഇത്തരമൊരു ദുരന്തം ആവർത്തിക്കരുത് മനുഷ്യനിർമ്മിതമായ ദുരന്തമാണ് വികസനം എങ്ങനെ വേണമെന്ന് ദുരിതങ്ങൾ ഉണ്ടാകാൻ പാടില്ല എന്നതും നമ്മൾ തീരുമാനിക്കണം തീരുമാനമെടുക്കേണ്ടത്, കോർപ്പറേറ്റുകളുടെ ആകരുത്.

## *സാഹോദര്യ കേരളം*

വിശ്വാസവും സ്നേഹവും കേരളത്തിൽ വളർത്തിയെടുക്കേണ്ടത് നമ്മുടെ ദൗത്യമാണ്. ഒത്തൊരുമയുടെയും സുതാര്യതയുടെ സാഹചര്യങ്ങൾ ഒരുക്കി ദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായ വിശ്വസാഹോദര്യം നീതിബോധത്തിന് അടിസ്ഥാനത്തിൽ ഒരുമയുടെയും പുതുമുഖങ്ങൾ നാമെടുത്തു മുള്ള ഒരു കേരളത്തെ നമുക്ക് കണികാണും മനുഷ്യർ കേരളത്തെയും

കേരളം മനുഷ്യരെയും സ്നേഹിക്കുന്ന ഒരു അവസ്ഥയിൽ നമ്മൾ നിലനിർത്തണം മനുഷ്യരെല്ലാം സഹോദരങ്ങൾ ആയുള്ള കേരളം അതുപോലെ തന്നെ എല്ലാവരും എല്ലാവരെയും വിശ്വസിച്ചു കൊണ്ടുള്ള കേരളം അധികാരത്തിലുള്ളവർ ഇല്ലാത്തവർക്ക് കൊടുക്കുന്ന കേരളത്തെയും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഈ പ്രളയം വന്ന പോയതിനാൽ ഒരുപാട് ഗുണങ്ങൾ നമുക്ക് ലഭിക്കുകയുണ്ടായി. കേരളത്തിന് ഒരുപാട് നല്ല നല്ല മാറ്റങ്ങൾ വരാൻ പോകുന്നു. കേരളവും കേരളത്തിലുള്ള എല്ലാ ആൾക്കാരും ഇപ്പോൾ പുതിയതാണ്. പഴയ കേരളത്തെ കളഞ്ഞ പുതിയ കേരളത്തെ നമുക്ക് പണിത് എടുക്കാം.

*വൈവിധ്യങ്ങളുടെ കേരളം*

ഒത്തിരിയേറെ വൈവിധ്യങ്ങൾ നിറഞ്ഞതാണ് നമ്മുടെ കേരളം. അതിനാൽ കേരളത്തെ സംരക്ഷിക്കേണ്ട ചുമതല നമുക്കാണ്. വൈദ്യുതി ഉൽപാദനത്തിനും, സൗരോർജ്ജത്തിൽ കാറ്റിനെ ആശ്രയിക്കുന്ന കൂടുതൽ സ്കീമുകൾ ആവിഷ്കരിക്കുകയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വൻകിട ഹോസ്പിറ്റലുകളുടെ മെഡിക്കൽ-എൻജിനീയറിങ് ആർട്സ് ആൻഡ് സയൻസ് കോളേജ് തുടങ്ങിയവയുടെ കീഴിൽ ജൈവ വൈവിധ്യ പാർക്കുകൾ നിർബന്ധമാക്കുകയും, പ്ലാസ്റ്റിക് ജൈവ വ്യവസായിക ഇലക്ട്രോണിക് മാലിന്യങ്ങളുടെ നിർമാർജനത്തിന് പുനരുപയോഗത്തിനും അന്താരാഷ്ട്ര മാതൃകകളെ പിന്തുടർന്നുകൊണ്ട് നമുക്ക് നമ്മുടെ കേരളത്തെ ഉണർത്താം.

# കഥകൾ




# കിട്ടിയാൽ പകുതി..

ഒരിടത്ത് ഒരു രാജാവുണ്ടായിരുന്നു. ആ രാജാവിനെ കാണാൻ ഒരു കവി വന്നു. ആ കവിയെ അകത്തേക്ക് കടക്കാൻ കാവൽക്കാരൻ അനുവദിച്ചില്ല. ആ കവി എത്ര പറഞ്ഞിട്ടും കാവൽക്കാരൻ കയറ്റിവിടില്ല. ഒടുവിൽ കാവൽക്കാരൻ പറഞ്ഞു പാട്ടുപാടി കിട്ടുന്നതിന്റെ പകുതി എനിക്ക് തന്നാൽ ഞാൻ നിങ്ങളെ കയറ്റി വിടാം.കവി സമ്മതിച്ചു

അങ്ങനെ ആ കവി രാജാവിൻറെ അടുത്തുചെന്ന് പാട്ടുപാടി. അത് രാജാവിന് വളരെയധികം ഇഷ്ടപ്പെട്ടു അതുകൊണ്ട് രാജാവ് കവിക്ക് 100 പൊൻപണം നൽകുവാൻ കല്പിച്ചു. ആ സമയം കവി പറഞ്ഞു തനിക്ക് പണം വേണ്ട പകരം എന്നെ കെട്ടിയിട്ടു 100 അടി തന്നാൽ മതി ആതിൽ പകുതി കാവൽക്കാരനും. കവി അങ്ങനെ പറയാൻ കാരണം എന്താണന്നു രാജാവ് ചോദിച്ചു ആ സമയം കവി നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു എല്ലാം കേട്ടു കഴിഞ്ഞ രാജാവ് പറഞ്ഞു കാവൽക്കാരന് നൂറ് അടിയും കവിക്ക് 100 പൊൻ പണവും നൽകുവാൻ.
ഇതാണ് അത്യാഗ്രഹത്തിന് ഫലം..



# കമ്പിളി പുതപ്പ്



മരംകോച്ചുന്ന തണുപ്പിൽ അദ്ദേഹം തനിയെ മുറ്റത്തിറങ്ങി. കാഴ്ച മങ്ങി തുടങ്ങിയെങ്കിലും വെച്ചിരിക്കുന്നത് അദ്ദേഹത്തിന് കാണാമായിരുന്നു. തണുത്ത ഇളംകാറ്റ് വന്ന് അദ്ദേഹത്തെ തലോടിക്കൊണ്ടിരുന്നു. തണുപ്പിനെ അതിജീവിക്കാൻ ആയി അയാളുടെ കയ്യിൽ ഒന്നും ഉണ്ടായിരുന്നില്ല. അകലെ കാണുന്ന തീ കൂട്ടിയിരിക്കുന്നത് അല്ലാതെ. ആ വൃദ്ധന്റെ പേര് മാർട്ടിൻ എന്നായിരുന്നു. തീ കൂട്ടി ഇരിക്കുന്നിടത്തേക്ക് മാർട്ടിൻ മെല്ലെ മെല്ലെ നടന്നു നീങ്ങി. ചുറ്റുപാടിൽ നിന്നും കിളികളുടെയും അരുവികളുടെ കളകളാരവവും കാതുകളിൽ മുഴങ്ങി കൊണ്ടിരുന്നു. ഇളംകാറ്റിലെ തണുപ്പ് അതിവേഗം മാർട്ടിനെ ആവരണം ചെയ്തു. തണുപ്പിൽ രോമങ്ങൾ ഉയർന്നുപൊങ്ങി.

ആ തണുപ്പിൽ കമ്പിളി പുതപ്പ് കൊണ്ട് ആരോ പിന്നിൽനിന്ന് മാർട്ടിന് ആലിംഗനം ചെയ്തു. അപ്പൂപ്പാ എന്ന വിളി പെട്ടെന്ന് അദ്ദേഹത്തിന് കാതുകളിൽ ഓടിയെത്തി. മാർട്ടിൻ സന്തോഷത്തോടെ തിരിഞ്ഞുനോക്കി. കാഴ്ച മങ്ങി തുടങ്ങിയെങ്കിലും നിലാവിന്റെ വെളിച്ചത്തിൽ അദ്ദേഹത്തിന് തന്നെ കൊച്ചുമോനെ മനസ്സിലായി. രണ്ടുപേരും പരസ്പരം കെട്ടിപ്പിടിച്ചു. അദ്ദേഹം ഒരു നിമിഷം തന്നെ ഓർമ്മയുടെ പുസ്തകങ്ങൾ തുറന്നു. 12വർഷം കാത്തിരുന്ന ഉണ്ടായ ഒരു കുഞ്ഞ്. വളരെ സ്നേഹിച്ചു കൊണ്ടു നടന്നു. തലയിൽ വച്ചാൽ പേനരിക്കും താഴെ വച്ചാൽ ഉറുമ്പരിക്കും എന്ന് പറഞ്ഞു ഒരുപാട് സ്നേഹിച്ചു. അവന് ഏഴ് വയസ്സുള്ളപ്പോൾ അവന്റെ അമ്മ മരിച്ചു പോയത്. അവന് ഒരു കുഴപ്പവും വരുത്തരുതേ ഞാനവനെ നോക്കി. എന്നാൽ മർക്കോസ് വളരുംതോറും ഞാൻ അവന് ഒരു ഭാരമായി. അവന് എന്നോടുള്ള സംസാരം കുറഞ്ഞു. അവന്റെ കല്യാണം കഴിഞ്ഞതിനു ശേഷം അവൻ എന്നോട് സ്നേഹത്തോടെ ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. അവന്റെ കുഞ്ഞിനെ, എന്റെ

കൊച്ചുമോനെ അവൻ ഒന്നു തൊടാൻ പോലും അനുവദിച്ചില്ല. കണ്ണ് നിറയാത്ത ദിവസങ്ങൾ ഉണ്ടായിരുന്നില്ല

ഒരു ദിവസം മാർക്കോ ഭാര്യയെയും മകനെയും കൂട്ടി വീട് വിട്ടിറങ്ങി എനിക്ക് കൂട്ടിനു റോക്കി എന്ന പട്ടി മാത്രം നാളുകൾ കടന്നു വീണ്ടും അപ്പൂപ്പാ എന്ന വിളി അതാ ആകുഞ്ഞിക്കൈകൾ എന്നെ വട്ടം ചുറ്റി പിടിച്ചിരിക്കുന്നു ഞാൻ ആ മുഖത്തേക്ക് നോക്കി കണ്ണുകൾ നിറഞ്ഞൊഴുകുന്നു എന്റെ പുതപ്പിനിടയിലേക്കു അവൻ നുഴഞ്ഞു കയറി ഞങ്ങൾ തീയുടെ അടുത്തേക്ക് നടന്നു പരസ്പരം പറയാൻ ഒത്തിരിയേറെ വിശേഷങ്ങൾ ഉണ്ട്

സൂര്യന്റെ കിരണങ്ങൾ സാവധാനം മുഖത്തേക്കടിച്ചു കണ്ണുകൾ തുറന്നു അപ്പോൾ മനസ്സിലായി അതും ഒരു സ്വപ്നമായിരുന്നു എന്ന്



# കുറവുകൾ



ഒരു ദിവസം മനുഷ്യൻ കടലിനോട് ചോദിച്ചു നിന്റെ ഈ വെള്ളത്തിന് ഉപ്പുരസം ഇല്ലായിരുന്നെങ്കിൽ നീ എത്ര നന്നായിരുന്നു. പിന്നെ മനുഷ്യൻ നടന്ന് പനി നീർപുഷ്പത്തിന് അടുത്തെത്തി ചോദിച്ചു ഈ ചെടിക്ക് മുള്ള് ഇല്ലായിരുന്നുവെങ്കിൽ നീ എത്ര നന്നായിരുന്നു. ഇത് കേട്ട് കടലും പനിനീർപുഷ്പവും പറഞ്ഞു മറ്റുള്ളവരുടെ കുറവുകൾ നോക്കി നടക്കുന്ന സ്വഭാവം നിനക്ക്ഇല്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ഗുണപാഠം: മറ്റുള്ളവരുടെ കുറവുകൾ തേടി നടക്കാതെ ആദ്യം നമ്മുടെ തന്നെ കുറവുകളെല്ലാം തിരുത്തണം. തിരുത്താൻ ശ്രമിക്കുകയല്ല ചെയ്യേണ്ടത് തിരുത്തുക തന്നെ വേണം.

Anna T Joseph


കാൽപാടുകൾ പിന്തുടരാം...

# തകരാതിരിക്കാൻ തളരാതിരിക്കുക



അമേരിക്കയിലെ kentucky സംസ്ഥാനത്ത് 1809 ഫെബ്രുവരി 12ന് പിറന്ന എബ്രഹാം ലിങ്കൺ എന്ന സാധു ബാലൻ തന്നെ മുഖഭാവത്തിലെ വൈരുധ്യം മനുഷ്യത്വത്തിന്റ് സൗന്ദര്യമാണെന്ന് ജീവിതംകൊണ്ട് തെളിയിച്ചു.

ദാരിദ്ര്യത്തിന് നവ മുനകൾ ഉഴുതുമറിച്ച ബാല്യത്തിന് മണ്ണിൽ അതിജീവനത്തിന് അപാര ധൈര്യം ഒരു മഹാഗണി പോലെ മുളച്ചു വളർന്നു കഥ ലോകമറിഞ്ഞത് പിന്നീടാണ്. വഴിയോര വിളക്കുകൾക്കു ചുവട്ടിൽ കടംവാങ്ങിയ പാഠപുസ്തകം കൊണ്ട് പൂച്ചകളെ വീശിയടിച്ചു അരണ്ടവെളിച്ചത്തിൽ അറിവ് പുരണ്ട അക്ഷരങ്ങളെ ആത്മാവിൽ എഴുതിവെച്ചു ചുരുണ്ടുകൂടി ഇരുന്ന ആ ഇരുണ്ട നിറം കാരൻ പയ്യനെ ലോകത്തിൻറെ നെഞ്ചിൽ കിടത്തി കാലം താലോലിച്ചു വളർത്തിയ കഥ വളരുന്ന ബാല്യങ്ങൾക്ക് വിളയാൻ ഉള്ള വളമാണ്. ഒടുക്കം ഇരുപത്തിരണ്ടാമത്തെ വയസ്സിൽ സ്വന്തമായി ഒരു ജീവിതത്തിനായി ഒരുപിടി സ്വപ്നങ്ങളും മനസ്സിൽ നിറച്ച് നടത്തിയ യാത്ര മനുഷ്യസ്വാതന്ത്ര്യം മഹത് ചരിത്രമെഴുതുന്ന ലോകത്തെ മാറ്റിമറിച്ച വിശ്വ പുരുഷൻ എന്ന അഭിമാനത്തിലാണ്...

മറ്റുള്ളവരുടെ സ്വാതന്ത്ര്യം നിഷേധിക്കുന്നവർ സ്വാതന്ത്ര്യം അനുഭവിക്കാൻ അർഹരല്ല എന്നുപറഞ്ഞുകൊണ്ട് പൊതുജീവിതത്തിലേക്ക് പ്രവേശിച്ച, എബ്രഹാം ലിങ്കൺ അനിതരസാധാരണമായ ആത്മവിശ്വാസത്തെയും ആവിശാന്തമായ സ്ഥിരോത്സാഹം അടയാളവാക്യവു ആയി.


1832 ഇരുപത്തിമൂന്നാമത്തെ വയസ്സിൽ.. തെരഞ്ഞെടുപ്പിൽ മത്സരിച്ച ഭംഗിയായി പരാജയപ്പെട്ട എബ്രഹാം ലിങ്കൺ ജീവിതം തുടർ പരാജയങ്ങളുടെ കഥ പറഞ്ഞു എന്നാൽ പരാജയങ്ങളെ വിജയകരമായി ഏറ്റുവാങ്ങി വ്യക്തമായ ജീവിതദർശനം ആവിഷ്കരിച്ചു. ലോകചരിത്രത്തിൽ ജീവിതവിജയത്തിന് ചിഹ്നമായി മാറി, അദ്ദേഹം 1846 അമേരിക്കൻ പ്രതിനിധി സഭാംഗം ആയതോടെ ദേശീയ രാഷ്ട്രീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട വ്യക്തിയയി എബ്രഹാം ലിങ്കൺ. പരാജയങ്ങളെ പരിഹസിച്ചുകൊണ്ട് വിജയം വരെ പൊരുതിയ ലിങ്കൺ 1860 അമേരിക്കയുടെ 16 പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടതോടെ അദ്ദേഹം അമേരിക്കയുടെ മുഖമായി മാറി.

കറുത്തവർഗ്ഗക്കാരെ അടിമകളായി മാത്രം പരിഗണിച്ച് അമേരിക്കൻ മനസ്സിൻറെ കല്ലിച്ച സൂപ്പർ ഈഗോയെ ഇടിച്ചു നിരത്തിയ......... അമേരിക്കൻ ഐക്യനാടുകളിലെ അടിമത്തത്തെ നിരോധനത്തിന് നദിയായി. 1865 ഏപ്രിൽ മാസം പതിനാലാം തീയതി ജോൺ വിക്സ് ബൂത്ത് എന്നയാളുടെ വെടിയേറ്റു മരിച്ച എബ്രഹാം ലിങ്കൺ മനുഷ്യരെ സമത്വത്തിന് മഴവില്ലുപോലെ കാലത്തിൻറെ മിഴികളിൽ വിരിയുകയാണ്.

By
Jianna Anto

## ജവഹർലാൽ നെഹ്റു

നവഭാരത ശില്പി എന്നറിയപ്പെടുന്ന ജവഹർലാൽ നെഹ്റു സ്വതന്ത്ര ഭാരതത്തിലെ ആദ്യ പ്രധാനമന്ത്രിയാണ്. അലഹബാദിൽ ജനിച്ച നെഹ്റുവിൻറെ പിതാവ് അഭിഭാഷകനായ മോത്തിലാൽ നെഹ്റുവാണ്. പാശ്ചാത്യ വിദ്യാഭ്യാസത്തിലൂടെ യുക്തിചിന്തയിൽ അധിഷ്ഠിതമായ ഒരു ലോകവീക്ഷണത്തിന് ഉടമയായ നെഹ്റു 1916 കോൺഗ്രസിൽ വച്ച് ഗാന്ധിജിയെ പരിചയപ്പെട്ടു. 57 മത്തെ വയസ്സിൽ നെഹ്റു സ്വതന്ത്രഭാരതത്തിലെ ആദ്യ പ്രധാനമന്ത്രിയായി. അദ്ദേഹം പ്രശസ്തനായ ഒരു എഴുത്തുകാരൻ കൂടിയാണ്. ഇന്ത്യയെ കണ്ടെത്താൻ, ഒരു അപ്പൻ മകൾക്കയച്ച കത്തുകൾ, എന്നിവ അദ്ദേഹത്തിൻറെ ലോകപ്രശസ്തങ്ങളായ കൃതികളിൽ ചിലതാണ്.



# കവിതകൾ



# മഴയോട് എനിക്കുള്ള ഇഷ്ടം

മഴയോട് എനിക്കുള്ള ഇഷ്ടം
മനസ്സിൻറെ കോവിലിൽ। ഞാൻ സൂക്ഷിച്ചു
മയിൽപീലി പോലെ ഞാൻ കാത്തുവച്ചു
ആരോരുമറിയാത്ത ഒരിഷ്ടം
മഴയോട് എനിക്കുള്ള ഇഷ്ടം

കുഞ്ഞിളം തെന്നലായ് എന്നെ തഴുകുന്ന
നറുപുഷ്പമായി എന്നെ തലോടുന്നു
അമ്മതൻ സ്വാന്ത്വനം പോലെ എത്തുന്ന
വർഷകാലം എനിക്കേറെ ഇഷ്ടം.

ഭാരതപ്പുഴ തൻ .....
കാലുകൾ എല്ലാം തലോടി
ഒരമ്മതൻ ലാളന പോലെ
ഒരമ്മതൻ സ്നേഹം പോലെ
കർക്കിടക ഇടവപ്പാതിയിൽ
എത്തുന്ന മഴയെ എനിക്കേറെ ഇഷ്ടം...

# കണി

അണ്ണാൻ കുഞ്ഞിനും ചിഞ്ചില പാടാൻ
അങ്ങേ വീട്ടിലെ മരക്കൊമ്പ്
പുള്ളി പയ്യനു തുള്ളി കളിക്കാൻ
പുല്ലു നീ കളി പൂക്കാവ്
പൂവൻകോഴിക്ക് കൂകി രസിക്കാൻ
താഴെ വീട്ടിലെ പൂമുറ്റം
അന്തി ഷോപ്പിനു കണ്ണാടി നോക്കാൻ
ചന്തം പൂശി ഒരാകാശം
വെള്ളിത്താലത്തിൽ പാലുകുടിക്കാൻ തുള്ളിച്ചാടുന്ന നക്ഷത്രം



# അക്ഷരം

അച്ഛൻ എനിക്ക് ഒരു പുസ്തകം തന്നു
അക്ഷരമാലതൻ പുസ്തകം തന്നു
അക്ഷര പുസ്തകം തുറന്നു
അക്ഷര തേൻകണം നാവിൽ പകർന്നു
അക്ഷരപ്പാട്ടുകൾ ചുണ്ടിലുണർന്നു
അക്ഷര പൂരം എങ്ങും നിറഞ്ഞു
അക്ഷര പുഞ്ചിരി പൂവ് വിരിഞ്ഞു




# പ്രണാമം

പ്രകാശമായി എൻറെ കുറവുകൾ തുടച്ചും
ഞാനെന്ന ചെടിയിൽ വെള്ളം നനച്ചും
എത്രനാൾ ഇനി എത്രനാൾ നമുക്കായി
അനുദിനം ഒരു പഠനത്തിന് കാവൽക്കാരായും
ചെടികളായ നമ്മെ പരിപാലിച്ചു
നമ്മുടെ ഒപ്പം കൈകൾ കോർത്തു
പ്രാർത്ഥന മാത്രമാണെന്നും അവർ
ചെടികൾ വളർന്നാലും വാടാതിരിക്കാൻ
പ്രണമിക്കുന്നു അധ്യാപകർ
നിൻ മുൻപിൽ ഞാൻ

By
Devapriya …



# മഴ



ജീവിതത്തിൽ ദൈവമായി വന്നു മഴ
ജീവന്റെ ആലയം തീർത്തു മഴ
മനുഷ്യജീവന് ഭംഗി നൽകി ഈ മഴ
ജീവികൾക്ക് ജീവനേകും ഈ മഴ
വീണ്ടും വരുമോ നീ?
കാത്തിരിക്കുന്നു ഞങ്ങൾ.

Jibin T Koshy


# സാഹിത്യ ലോകത്തിലെ നക്ഷത്രങ്ങൾ

# വൈക്കം മുഹമ്മദ് ബഷീർ



(1908 ജനുവരി 19 - 5 ജൂലൈ 1994) കേരളത്തിലെ ഒരു കേരള ഫിക്ഷൻ എഴുത്തുകാരൻ ആയിരുന്നു. സ്വാതന്ത്ര്യസമര സേനാനിയും , നോവലിസ്റ്റും, ചെറുകഥാകൃത്തും ആയിരുന്നു അദ്ദേഹം. സാഹിത്യ നിരൂപകരുടെയും സാധാരണക്കാരന്റെയും ഇടയിൽ അദ്ദേഹത്തിന് തുല്യമായ ജനകീയമായ കഥാപാത്രത്തിന്റെ പാടവതരിപ്പിക്കുന്ന, അഗാധമായ ഭൂമിശാസ്ത്ര ശൈലിയിൽ അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു. ഇന്ത്യയിലെ ഏറ്റവും പ്രഗൽഭരായ, പ്രശസ്തരായ എഴുത്തുകാരിൽ ഒരാളായി അദ്ദേഹം കണക്കാക്കപ്പെടുന്നു. മറ്റു ഭാഷകളിലെ അദ്ദേഹത്തിന്റെ കൃതികളുടെ പരിഭാഷകൾ അദ്ദേഹത്തെ ലോകം മുഴുവൻ അംഗീകരിച്ചു. ബാല്യകാലസഖി , ശബ്ദംഗൽ , പാത്തുമ്മയ് ആടു , മതിലുക്കൽ , നുണ്ടുപൊപ്പക്കരണ്ടേരുൺ , ജന്മമതം , അനാർഗ നിമിഷം എന്നിവ അദ്ദേഹത്തിന്റെ ശ്രദ്ധേയ കൃതികളിൽ ഉൾപ്പെടുന്നു. 1982 ൽ അദ്ദേഹത്തിന് പദ്മശ്രീ നൽകി. ബേപ്പൂർ സുൽത്താനെന്ന പേരിൽ അറിയപ്പെടുന്നു.

# രവീന്ദ്രനാഥ ടാഗോർ



ഏറെ ചെറുപ്പത്തിൽതന്നെ കവിതകൾ രചിക്കാൻ തുടങ്ങിയ ഓരോ നോവലിസ്റ്റ് കവി തത്വചിന്തകൻ നാടകകൃത്ത് സ്വാതന്ത്ര്യസമരസേനാനി എന്നീ മേഖലകളിൽ തനതായ പ്രാഗൽഭ്യം തെളിയിച്ച ആളാണ് രവീന്ദ്രനാഥടാഗോർ. നമ്മുടെ ദേശീയഗാനമായ ജനഗണമന എന്ന ഗാനവും ഇദ്ദേഹമാണ് രചിച്ചത്. അദ്ദേഹത്തിൻറെ ഗീതാഞ്ജലി എന്ന കൃതിക്ക് 1913 നോബൽ സമ്മാനം ലഭിച്ചു.

# സുഗതകുമാരി



1984 തിരുവനന്തപുരത്ത് ജനിച്ചു
സാമൂഹിക പരിഷ്കരണ രംഗത്തും,പ്രകൃതി സംരക്ഷണ രംഗത്തും വിലപ്പെട്ട സംഭാവനകൾ നൽകി. കാല്പനികതയും ആധുനികതയും സമന്വയിച്ച കവിതകൾ, പാരിസ്ഥിക കാവ്യബോധ കവിതകളിൽ ആവിഷ്കരിച്ച എഴുത്തുകാരിയാണ് സുഗതകുമാരി. അറിയപ്പെടുന്ന കൃഷ്ണ സങ്കൽപ്പങ്ങളിൽ ഊന്നിയ കവിതകൾ രചിച്ചു. മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാതിരാപ്പൂക്കൾ, പാവം മാനവ ഹൃദയം, ഇരുൾ ചിറകുകൾ, രാത്രിമഴ, അമ്പലമണി, കുറിഞ്ഞിപൂക്കൾ, കൃഷ്ണ കവിതകൾ, രാധയെവിടെ തുടങ്ങിയവ പ്രധാന കൃതികളാണ്. കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു. എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

By
AnnaMary Jince

# നുറുങ്ങുകൾ

# പഴഞ്ചൊല്ലുകൾ



- വിത്തുഗുണം പത്തുഗുണം
- കുംഭത്തിൽ നട്ടാൽ കുടത്തോളം മീനത്തിൽ ആയാൽ മാനത്തോളം
- സമ്പത്ത് കാലത്ത് തൈ പത്തു വെച്ചാൽ ആപത്ത് കാലത്ത് കാ പത്തു തിന്നാം
- നിലമറിഞ്ഞു വിത്തിടണം
- എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം
- വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
- വേലി തന്നെ വിളവ് തിന്നു
- മുളയിലറിയാം വിള.

# ഓണച്ചൊല്ലുകൾ

കാണം വിറ്റ് ഓണം ഉണ്ണണം.

ഓണത്തിനിടയിൽ പുട്ട് കച്ചവടം

ഓണം വരാനൊരു മൂലം വേണം.

ഓണമുണ്ട വയർ ചൂളം പാടു.

ഓണം മുഴക്കോലുപോലെ.


ഓണം പോലെയാണോ തിരുവാതിര.


അത്തം പത്തോണം.

ഓണം വന്നു ഓടിപ്പോയി.

തിരുവോണ തിങ്കൾ പോലെ.

ഉറുമ്പും ഓണത്തിന് കരുത്ത്.







# നന്ദി

പ്രിയമുള്ളവരേ ഈ അഗസ്തീനിയൻ ഭവനത്തിലെ കൂട്ടുകാരുടെ രചനകളെ ഞങ്ങൾ ലിറ്റിൽ കൈറ്റിലെ കൂട്ടുകാർ ഡിജിറ്റൽ മാസികയുടെ രൂപത്തിൽ തയ്യാറാക്കുന്നു ഇതിലേക്കായി തങ്ങളുടെ കലാസൃഷ്ടികൾ തന്ന എല്ലാകൂട്ടുകാർക്കും നന്ദി ഇതിനായി ഞങ്ങൾക്ക് എല്ലാ പരിസഹനവും തന്ന ഹെഡ്മിസ്ട്രസ്സ് ലിന്റാ സിസ്റ്ററിനും പ്രിയപ്പെട്ട അധ്യാപകർക്കും നന്ദി.........

